പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 6096

10/07/2012-ൽ മറുപടിക്ക്

# കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂന പക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള ലോക്കൽ ഗവൺമെന്റ് ഡെവലപ്പ്മെന്റ് ഫണ്ടിന്റെ ഘടനയും രൂപവും വിശദമാക്കാമോ ; പ്രസ്തുത ഫണ്ട് രൂപീകരിക്കുന്നത് എ.ഡി.ബി. വ്യവസ്ഥകൾ അനുസരിച്ചാണോ ; | (എ) സംസ്ഥാനത്തെ നിലവിലുള്ളതും പുതുതായി രൂപം കൊള്ളുന്നതുമായ നഗരപ്രദേശങ്ങളുടെ സുസ്ഥിര വികസനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന നിയമസഭ നിയമനിർമ്മാണത്തിലൂടെ രൂപം നൽകിയ സ്ഥാപനമാണ് കെ.എൽ.ജി.ഡി.എഫ്. കേരള സർക്കാരിന്റെയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സംയുക്ത ഉടമസ്ഥതയിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുക. തുടർന്നുള്ള ഘട്ടങ്ങളിൽ അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള ധനകാര്യസ്ഥാപനങ്ങളുടെ പങ്കാളിത്തം തേടുന്നതാണ്. ബോർഡിന് ദ്വിതല ഘടനയാണുള്ളത്.<br>തദ്ദേശ സ്ഥാപനങ്ങൾ, സംസ്ഥാന സർക്കാർ, ബഹുവിധഫണ്ടിംഗ് ഏജൻസികൾ എന്നിവയുമായി ചേർന്ന് പ്രവർത്തിക്കാൻ സജ്ജരായ സാങ്കേതിക വിദഗ്ദ്ധരുൾപ്പെട്ട ഒരു സ്ഥാപനം (അസ്സറ്റ് മാനേജ്മെന്റ് കമ്പനി) ആയിരിക്കും ഫണ്ട് പരിപാലിക്കുക. ഫണ്ടിന്റെ വായ്പാനയങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി മാനേജ്മെന്റ് കരാർ വ്യവസ്ഥയിൽ രൂപം നൽകുന്ന അസറ്റ് മാനേജ്മെന്റ് കമ്പനി (എ എം. സി)യായിരിക്കും ധനഇടപാടുകൾ കൈകാര്യം ചെയ്യുക. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയായിരിക്കും ബോർഡിന്റെ ചെയർമാൻ. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി കൺവീനറും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ വകുപ്പ് സെക്രട്ടറി, അർബൻ അഫയേഴ്സ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, ഒരു മേയർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുനിസിപ്പൽ ചെയർമാൻ, നഗരവൽക്കരിക്കപ്പെട്ട പഞ്ചായത്തിന്റെ പ്രസിഡന്റ് എന്നിവർ ബോർഡ് അംഗങ്ങളുമാണ്.<br>സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ ഫണ്ടിൽ നിന്നും വായ്പ എടുക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | എ.ഡി.ബി. ഈ ഫണ്ട് നടത്തിപ്പിനായി മുന്നോട്ട് വെച്ചിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | എ.ഡി.ബി. മുന്നോട്ട് വെച്ചിട്ടുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ജനാധിപത്യ സാമൂഹിക സാമ്പത്തിക താൽപര്യങ്ങൾ എത്രത്തോളം സംരക്ഷിക്കപ്പെടുന്നുണ്ട്? | (സി) | സംരക്ഷിക്കപ്പെടുന്നുണ്ട് |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**